കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

കരിമ്പ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/282/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: - 02.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരിമ്പ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമ്പ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/282/2019 തീയതി – 02.04.2019

പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-6-2017 മുതൽ തിയതി 12-2-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	13-2-2019 മുതൽ 20-2-2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ.സി.എസ്.സന്തോഷ്	ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.ജി.റോബർട്ട്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.യു.പ്രീത	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യു.ബിജു ആന്റണി	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എ.കെ.ജിജീഷ്	ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.ജയശ്രീ.സി.കെ	1-4-2017 മുതൽ 31-3-2018 വരെ
സെക്രട്ടറി	ശ്രീ.ടി.ജയചന്ദ്രൻ നായർ	1-4-2017 മുതൽ 4-12-2017 വരെ
	ശ്രീ.ഹരികൃഷ്ണൻ.എം	5-12-2017 മുതൽ 6-12-2017 വരെ
	ശ്രീ.ഷാജി.ടി.എച്ച്	7-12-2017 മുതൽ 5-2-2018 വരെ
	ശ്രീ.ഉദുമൻ.വി (അസി.സെക്രട്ടറി-സെക്രട്ടറി-ഇൻ-ചാർജ്ജ്)	6-12-2018 മുതൽ 31-3-2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീമതി.സാജിദ് അലി	1-4-2017 മുതൽ 31-3-2018 വരെ
വി.ഇ.ഒ	ശ്രീമതി.ആഷ.എം.ആർ	1-4-2017 മുതൽ 31-3-2018 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.സാറാമ്മ.കെ.വി	1-4-2017 മുതൽ 31-7-2017
	ശ്രീമതി.വിജയലക്ഷ്മി.പി	1-8-2017 മുതൽ 31-3-2018 വരെ
അസിസ്റ്റന്റ് എഞ്ചിനിയർ	ശ്രീ.ഗ്രേഷ്യസ് രാജ്.വി	1-4-2017 മുതൽ 22-4-2017 വരെ & 28-7-2017 മുതൽ 31-7-2017 വരെ
	ശ്രീമതി.സ്മിത.	23-4-2017 മുതൽ 15-6-2017വരെ
	ശ്രീ.അബ്ദുൾ അസീസ്.കെ	16-6-2017 മുതൽ 27-7-2017 വരെ

	ശ്രീമതി.റഷീദ്.എം	1-8-2017 മുതൽ 25-10-2017 വരെ
	ശ്രീ.സന്തോഷ്കുമാർ	26-10-2017 മുതൽ 20-11-2017 വരെ
	ശ്രീമതി.സീമ.കെ.എസ്	21-11-2017 മുതൽ 9-1-2018 വരെ
	ശ്രീമതി.റീന.വി	10-1-2018 മുതൽ 31-3-2018 വരെ
മെഡിക്കൽ ഓഫീസർ-CHC	ഡോ.ബോബി മാണി	1-4-2017 മുതൽ 31-3-2018 വരെ
മെഡിക്കൽ ഓഫീസർ-ഹോമിയോ	ഡോ.പത്മ സുകന്യ	1-4-2017 മുതൽ 31-3-2018 വരെ
വെറ്ററിനറി സർജ്ജൻ	ഡോ.കീർത്തി.എ.ജി	1-4-2017 മുതൽ 31-3-2018 വരെ
ഡയറി എക്സ്ടൻഷൻ ഓഫീസർ	ശ്രീമതി.പ്രിയ.പി.ബി	1-4-2017 മുതൽ 31-3-2018 വരെ
എച്ച്.എം	ശ്രീമതി.എൽസമ്മ.എം.എ	1-4-2017 മുതൽ 31-3-2018 വരെ
അസി.സെക്രട്ടറി	ശ്രീ.വി.ചന്ദ്രൻ	1-4-2017 മുതൽ 5-8-2017വരെ
	ഒഴിവ്	6-8-2017
	ശ്രീമതി.മാലിനി.കെ.ആർ	7-8-2017 മുതൽ 1-12-2017 വരെ
	ഒഴിവ്	2-12-2017 മുതൽ 17-12-2017 വരെ
	ശ്രീ.ഉദുമൻ.വി	18-12-2017 മുതൽ 31-3-2018 വരെ

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ

1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം	1-4
5	ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം	1-5
6	പദ്ധതി അവലോകനം	1-6
7	തൊഴിലുറപ്പു പദ്ധതി	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് പരിശോധന	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ	1-12

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	
1	മാന്വൽ രശീതി ബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്	2-1
2	വസ്തുനികുതി-കുടിശ്ശിക തുക ഈടാക്കേണ്ടതാണ്	2-2
3	തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	2-3

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	
1	മാന്വൽ രശീതി ബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്	2-1
4	ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്	2-4
5	ലൈവ് സ്റ്റോക്ക് ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു	2-5
6	വാടക കുടിശ്ശികയുടെ കണക്കിലെ അപാകത പരിഹരിക്കേണ്ടതാണ്	2-6
	വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	
7	മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	2-7

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	
1	ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്	3-1
2	സാമ്പത്തിക സ്ഥിതി വിലയിരുത്താതെ പദ്ധതി രൂപീകരണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തി	3-2
3	വാഹനത്തിന്റെ ഉപയോഗം-പ്രധാന രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്	3-3
	വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	

4	തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്	3-4
5	വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	3-5
6	മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ്	3-6
7	ആസ്തി സംരക്ഷണ പദ്ധതിക്കനുസൃതമായി മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിക്കേണ്ടതാണ്	3-7
8	ടാർ വാങ്ങുന്നതിനായി അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്	3-8
9	പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം	3-9
10	അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്	3-10
11	വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങങ്ങൾ പാലിക്കേണ്ടതാണ്	3-11
12	അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചുവെങ്കിലും പൂർത്തീകരണം ഉറപ്പാക്കിയില്ല	3-12
13	കൃഷി ഭവനിൽ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതും തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കേണ്ടതുമാണ്	3-13
14	കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല	3-14
	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	
15	പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ-ടെണ്ടർ നിബന്ധനകൾ പാലിക്കാത്തതു മൂലം 50500/-രൂപയുടെ അധികച്ചെലവിനിടയായി	3-15

16	കുടുംബശ്രീ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.	3-16
17	സ്നേഹാലയം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തൽ	3-17
18	ആശ്രയ പദ്ധതി - ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് 300000/- രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്	3-18
	ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വിഷയങ്ങൾ	
19	യോഗപരിശീലനം - അധികം നൽകിയ തുക തിരിച്ച് അടവാക്കേണ്ടതാണ്	3-19
20	ആയുർവ്വേദ ആശുപത്രി മുഖേനയുള്ള മരുന്ന് വിതരണ പദ്ധതികൾ - ഗുണഭോക്താക്കളുടെ അടിസ്ഥാന വിവരശേഖരണം നടത്തേണ്ടതാണ്	3-20
21	ആയുർവ്വേദ മരുന്ന് വാങ്ങൽ - 121021/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല	3-21
22	ചെസ് ബോർഡിന് അംഗീകരിച്ച നിരക്കിനേക്കാൾ കൂടിതൽ തുക അനുവദിച്ചു	3-22
23	മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി - ചെലവ് തുക തടസ്സത്തിൽ വെക്കുന്നു	3-23
24	വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ - മാർഗ്ഗരേഖകൾ പാലിക്കേണ്ടതാണ്	3-24
25	ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി വെള്ളക്കരം പുന:ക്രമീകരിക്കേണ്ടതും കുടിശ്ശിക തീർപ്പാക്കേണ്ടതുമാണ്	3-25
26	ജല അതോറിറ്റിയിൽ ഡെപ്പോസ്റ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	3-26

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരം	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

28-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 22-3-2018തിയതിയിൽ പാസാക്കിയിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2017-18	31-7-2018	15-05-2018	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2017-18	25.6.18 മുതൽ 26.6.18 വരെ	നം.കെ.എസ്.എ-പികെഡി.21/ 1904(28)/2018 തിയതി:29-8-2018

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	7013084
വരവ്	64041508
ആകെ	71054592
ചെലവ്	64846884
നീക്കിയിരിപ്പ്	6207708

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്
വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം)	0	16395000	16395000	15113471(*)	1281529
വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം)	0	7768284	7768254	6415462	1352792
വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം)	0	176928	176928	25829(**)	151099
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	6235000	6235000	6202187	32813

(എ.സി.ആർ പ്രകാരം)					
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം)	0	3860000	3860000	3859187	813
സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്	0	7942788	7942788	7377135	565653
കെ.എൽ.ജി.എസ്. ഡി.പി (എ.സി.ആർ പ്രകാരം)	0	1627909	1627909	1594104	33805
എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	63651	2261572	2325223	2314216	11007
എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം	0	17020056	17020056	17020056	0
കേന്ദ്രഫണ്ട്-ഐ.സി.ഡി.എസ്	411363	866638	1278001	810560	467441
ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത്	0	1725000	1725000	0	1725000
ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത്	130000	0	130000	0	130000
ജനറൽ പർപ്പസ് ഗ്രാന്റ്	4150155	9290000	13440155	12882222	557933

തനത് ഫണ്ട്-എസ്.ബി.ഐ (ഇ-പേയ്മെന്റ്)	86560	882709	969269	0	969269
തനത് ഫണ്ട്-കെ.എസ്.സി.ബി	2547070	8431434	10978504	6726084	4252420
ബി ഫണ്ട്	0	127780	127780	127780	0
ദുരിതാശ്വാസ നിധി	389	202629	203018	16000	187018
ബാങ്ക്-മറ്റുള്ളവ-1	35271	1390	36661	0	36661
ബാങ്ക്-മറ്റുള്ളവ-2	5891	232	6123	0	6123
ബാങ്ക്-മറ്റുള്ളവ-3	823	0	823	0	823
ബാങ്ക്-മറ്റുള്ളവ-4	123274	4980	128254	0	128254

(*) വാർഷിക കണക്ക് പ്രകാരം 15040571 രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്.

(**) വാർഷിക കണക്ക് പ്രകാരം 420429 രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്.

1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

215	67849622	168	44939630	0	47	78

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 78% തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 66% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	11	10	3092065	1582793	51
വി.ഇ.ഒ	14	12	9556525	4967725	52
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11	7	5722600	4284138	75
സെക്രട്ടറി	22	13	11286903	8518088	75
അസിസ്റ്റന്റ് എഞ്ചിനിയർ	110	83	23895516	15674278	66
മെഡിക്കൽ ഓഫീസർ-CHC	13	11	2379292	1842788	77
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	200000	200000	100
വെറ്ററിനറി സർജ്ജൻ	9	9	3627000	2158550	60
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	300000	300000	100
എച്ച്.എം	10	10	3157875	2891110	92
അസി.സെക്രട്ടറി	13	11	4631846	2520160	54
ആകെ	215	168	67849622	44939630	66

1-7 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	63651	2261572	2325223	2314216	11007
എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം	0	17020056	17020056	17020056	0
ആകെ	63651	19281728	19345379	19334372	11007

1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	തൊഴിൽരഹിത വേതനം	53640	93
2	കർഷക തൊഴിലാളി പെൻഷൻ	5489000	18
3	വിധവാ പെൻഷൻ	11488100	58
4	വാർദ്ധക്യകാല പെൻഷൻ	21823800	95
5	വികലാംഗ പെൻഷൻ	2663700	26
6	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	785000	1

1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-2-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22341 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

കരിമ്പ ഗ്രാമപഞ്ചായത്തിന് നാളിതുവരെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടില്ല. പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

തനത് വരവിനങ്ങളായ തൊഴിൽ നികുതി, വസ്തു നികുതി എന്നിവയുടെ ഡിമാന്റ് കൃത്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം തുടർന്നു വരികയാണ്. തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ തന്നെയാണ് സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് ശേഖരിച്ച് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പലതും തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ഡി&ഒ ലൈസൻസ് നൽകുന്നത് കാര്യക്ഷമമാക്കുന്നതിനായി സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറൈസ്ഡ് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചതായും കാണുന്നില്ല.

വാർഷിക കണക്കിൽ പ്ലാൻ ജനറൽ, പ്ലാൻ ടി.എസ്.പി വരവ് തുകകൾ രേഖപ്പെടുത്തിയതിൽ അപാകത ഉണ്ടായിട്ടുണ്ട്. മേൽനോട്ടച്ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ അതാത് സമയം ഉദ്യോഗസ്ഥൻമാർക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

വാങ്ങലുകൾ ഉൾപ്പെടുന്ന ധാരാളം പ്രൊജക്ടുകൾ ഉണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി യഥാസമയം യോഗം ചേർന്ന് നടപടിക്രമങ്ങൾ വിലയിരുത്തിയിട്ടില്ല.

റവന്യൂ പിരിവ്, ഓഫീസ് മാനേജ്മെന്റ്, ആസ്തി സംരക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള വിവിധ മാന്വലുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം.	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി

1	പെർഫോമൻസ് ഓഡിറ്റ്	18-1-2019	12/2018	18-1-2019
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	2-5-11 മുതൽ 12-5-11 വരെ	2006-07 മുതൽ 2010-11 വരെ	08-06-2011

1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

പ്ലാൻ ഫണ്ട് ജനറൽ, ടി എസ് പി ചെലവുകൾ എന്നിവ ACRലും, വാർഷിക കണക്കിലും വ്യത്യസ്തമാണ്.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 മാന്വൽ രശീതി ബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം രശീതികൾ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി 1.6.17 മുതൽ 12.2.19 വരെയുള്ള മാന്വൽ രശീതികളും സാംഖ്യ രശീതികളും പരിശോധിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മാന്വൽ രശീതി ബുക്കുകൾ ഉപയോഗിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

വി ഇ ഒ യ്ക്ക് നൽകിയ 44568 നം. രശീതി ബുക്ക് 16 പേജ് വരെ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ പേജുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചു കാണുന്നില്ല.

ബി) രശീതികളിൽ തിയ്യതി രേഖപ്പെടുത്തുന്നില്ല

44560, 44561, 44562, 44567, 44587 എന്നീ രശീതി ബുക്കുകൾ വെറ്റിനറി

സർജ്ജൻ ഉപയോഗിച്ചിട്ടുള്ളതാണ്. എന്നാൽ രശീതികളിൽ തിയ്യതി രേഖപ്പെടുത്താതെയാണ് ഉപയോഗിച്ചിട്ടുള്ളത്.

സി) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല

പല രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഉദാ:-44577, 44578, 44579, 44581

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) എല്ലാ മാന്വൽ രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2-2 വസ്തുനികുതി-കുടിശ്ശിക തുക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കനുസരിച്ച് കരിമ്പ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം 11214 ആണ്. ആയതിൽ 7748 എണ്ണം ഗാർഹികവും 3466 എണ്ണം ഗാർഹികേതരവുമാണ്. വസ്തു നികുതി പിരിവിലെ കാര്യക്ഷമതയും സഞ്ചയ സോഫ്റ്റ്വെയറിലെ ഡാറ്റയുടെ കൃത്യതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. വസ്തു നികുതി – ഗണ്യമായ തുക കുടിശ്ശികയായി നിലനിൽക്കുന്നു

2017-18 സാമ്പത്തിക വർഷാവസാനത്തിൽ നില നിൽക്കുന്ന വസ്തു നികുതിയുടെ കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ഇനം	തുക
1	റെസിഡെൻഷ്യൽ ബിൽഡിംഗ്(കറന്റ്)	2,76,317/-
2	റെസിഡെൻഷ്യൽ ബിൽഡിംഗ്(കുടിശ്ശിക)	3,35,748/-
3	നോൺ-റെസിഡെൻഷ്യൽ ബിൽഡിംഗ് (കറന്റ്)	2,18,004/-
4	നോൺ-റെസിഡെൻഷ്യൽ ബിൽഡിംഗ് (കുടിശ്ശിക)	1,63,811/-
	ആകെ	9,93,880/-

മൊബൈൽ ടവറുകളുടെ ഉൾപ്പെടെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുണ്ട്.

2. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.
നാളിതുവരെ സേവന ഉപനികുതി ചുമത്തുന്നതിനുള്ള ആലോചന ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല.

3. സഞ്ചയ പ്യൂരിഫിക്കേഷൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പരിശോധിച്ച് പ്യൂരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (20/20-2-2019) മറുപടിയായി പഞ്ചായത്ത് താഴെപ്പറയുന്ന കണക്ക് നല്കയിട്ടുണ്ട്.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം -11214 ആണ്.

ഓപ്പറേറ്റർ പ്യൂരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ളവയുടെ എണ്ണം -6031

പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുള്ളവയുടെ എണ്ണം - 5734

54% പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
സഞ്ചയയിലെ ഡാറ്റയുടെ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മൊബൈൽ ടവറുകളുടെ ഉൾപ്പെടെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മറ്റ് വിഭവ സമാഹരണ സാധ്യതകൾ കുറവുള്ള ഗ്രാമപഞ്ചായത്തിൽ അപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. സഞ്ചയ സോഫ്റ്റ്വെയറിയെ ഡാറ്റയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള പ്യൂരിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2017-18 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ) സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടം അനുസരിച്ചുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ബി) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതിയുടെ കുടിശ്ശിക ഡിമാന്റ്

രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം നികുതി നഷ്ടത്തിനുള്ള സാദ്ധ്യയും നിലനിൽക്കുന്നുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന കാണുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	എ യു പി സ്കൂൾ, കല്ലടിക്കോട്	2
2	ഗവ. എൽ പി സ്കൂൾ, കപ്പാടം	2
3	കേരള വാട്ടർ അതോറിറ്റി	2
4	കെ പി ഐ പി സബ് ഡിവി നം 2, കല്ലടിക്കോട്	2
5	കെ പി ഐ പി സെക്ഷൻ 3/2, കല്ലടിക്കോട്	2
6	കേരള ഗ്രാമീൺ ബാങ്ക്, കരിമ്പ	2
7	മുത്തൂറ്റ് മൈക്രോഫിൻ, കല്ലടിക്കോട്	2
8	കാർഷിക സംഭാവന സംസ്കരണ വിപണന സഹകരണ സംഘം, കരിമ്പ	2
9	മാവേലി സ്റ്റോർ, കല്ലടിക്കോട്	2
10	ദർശന കോളേജ്	1&2
11	മഹാത്മ കോളേജ്	1&2
12	സലാഫി അറബിക് കോളേജ്	1&2
13	ഹൗസിങ് കോ ഓപ്പറേറ്റീവ് ബാങ്ക്	1&2
14	ഹോട്ടൽ ഗായത്രി ഇൻ	1&2
15	മരിയ ഹെൽത്ത് കെയർ(പ്രൈവറ്റ്) ലിമിറ്റഡ്(15 ജീവനക്കാർ)	1&2
16	ദയ ക്ലിനിക്ക്, കല്ലടിക്കോട്(9 ജീവനക്കാർ)	1&2
17	ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പ്	1&2
18	ഹസനാത്ത് ഹാദിയ വുമൺസ് അക്കാദമി, കരിമ്പ (8 ജീവനക്കാർ)	1&2
19	ഗ്രാന്റ് എച്ച് പി ഏജൻസീസ് (6 ജീവനക്കാർ)	1&2

സി) കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചട്ടപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡിമാൻറ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1	ഫെഡറൽ ബാങ്ക്	2
2	കെ എസ് എഫ് ഇ	2
3	എസ് ബി ഐ	2
4	വിജയ ബാങ്ക്	2
5	കേരള ഗ്രാമീൺ ബാങ്ക്	2
6	ഗോകുലം ചിറ്റ്സ്&ഫിനാൻസ്, കല്ലടിക്കോട്	2
7	കെ എസ് ഇ ബി	2
8	ബി എസ് എൻ എൽ	1&2
9	മുത്തൂറ്റ് ഫിൻക്രോപ്പ്	2
10	പി ഡി സി ബാങ്ക്, ഇടക്കുറുശ്ശി	2

പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ഇവയിയുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഇ) ചട്ട പ്രകാരമുള്ള തൊഴിൽ നികുതി മാത്രം ഈടാക്കേണ്ടതാണ്

പി സി എം മെഡിക്കൽ സെന്റർ, കല്ലടിക്കോട് എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഇനത്തിൽ ഡോ.കെ.ആർ. സിബിയുടെ പക്കൽ നിന്നും 2000/- രൂപ (അർദ്ധവാർഷിക വരുമാനം 2,00,000/-) തൊഴിൽ നികുതിയായി ഈടാക്കിയിട്ടുണ്ട്. അർദ്ധവാർഷിക വരുമാനത്തിന് നിശ്ചയിച്ചിട്ടുള്ള സ്ലാബിലുള്ള തൊഴിൽ നികുതി മാത്രം ഈടാക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

എഫ്) മീൻവല്ലം പ്രോജക്ടുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് ഓഹരിയുള്ള ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മീൻവല്ലം ഹൈഡ്രോ ഇലക്ട്രിക് പദ്ധതി പ്രവർത്തിക്കുന്നത് കരിമ്പ ഗ്രാമപഞ്ചായത്ത് പ്രദേശത്താണ്. പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം 11/18-2-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മീൻവല്ലം പദ്ധതിയുടെ കീഴിലുള്ള എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ജി) റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

എച്ച്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പുതുതായി ഡി&ഒ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
2. എല്ലാ സ്ഥാപനങ്ങളിലേയും ജിവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3. എല്ലാ ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതാണ്.
4. നികുതി ഈടാക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ്.
5. മീൻവല്ലം പദ്ധതി, റേഷൻ കടകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.
6. ഓരോ അർദ്ധവർഷത്തേയും നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നുണ്ടെന്നും ഗ്രാമ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ലെന്നും മേലധികാരികളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-4 ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

2017-18 വർഷത്തിൽ ലഭിച്ച ഡി&ഒ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ

പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ) അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൊത്തം വിറ്റ് വരവ്, ജീവനക്കാരുടെ എണ്ണം എന്നീ പ്രധാന വിവരങ്ങളും രേഖപ്പെടുത്താത്ത അപേക്ഷകളും സ്വീകരിച്ചിട്ടുണ്ട്.

ബി) 2010 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 2010 ൽ വരുത്തിയ ഭേദഗതി പ്രകാരം

2010ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും' എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. അസ്സൽ ചട്ടങ്ങളിലെ പട്ടിക II പ്രകാരം ദിവസേനയുള്ള വിറ്റ വരവിനെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീ കണക്കാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ പകരം പട്ടിക II മൂലധന പട്ടിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വേർതിരിച്ച് പുതുക്കിയ പട്ടിക പ്രകാരം ഫീസ് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	വ്യവസായ സ്ഥാപനത്തിന്റെ തരം	ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ
1	മൈക്രോ	500/-
2	മിനി	1000/-
3	സ്മാൾ	5000/-
4	മീഡിയം	10000/-
5	ലാർജ്ജ്	15000/-

2010 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ നാളിതുവരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

സി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. എന്നാൽ കരിമ്പ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. റേഷൻ കടകളെ ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടില്ല

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ.ഭ.വ നം. സർക്കുലറിലൂടെ പ്രധാന മാർഗനിർദേശങ്ങൾ താഴെ ചേർക്കുന്നു.
1. വിൽപ്പന സാധനങ്ങൾ 50മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

കരിമ്പ ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനും മേൽ സർക്കുലറിലെ പല നിർദ്ദേശങ്ങളും

നടപ്പിലാക്കിയിട്ടില്ലെന്ന് വിലയിരുത്തുന്നു.

ഡി) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 2010 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ പുതുക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകൾ പൂർണ്ണമാണെന്ന് ഉറപ്പാക്കേണ്ടതാണ്.
3. അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട്, അംഗീകാരം നൽകിയ വ്യക്തിയുള്ള ഒപ്പ് എന്നിവ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.
5. ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
6. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-5 ലൈവ് സ്റ്റോക്ക് ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 ലെ ചട്ടം 3 ലെ ഉപചട്ടം (1) ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഫാമുകൾ ഉൾപ്പെടെ ലൈവ് സ്റ്റോക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ ഫാമുകളേയും ലൈവ് സ്റ്റോക്ക് ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

ക്രമ നം.	വാർഡ്/ കെട്ടിട നം	ഉടമയുടെ പേര്	ഫാം ഇനം
1	16/559	സുകുമാരൻ, ചുണ്ടിയാനിയിൽ, കരിമ്പ	പൗൾട്രി ഫാം
2	14/507	രാമകൃഷ്ണൻ,പി, പഴയതോട്ടത്തിൽ, പനയമ്പാടം	പൗൾട്രി ഫാം
3	13/662	രാധാകൃഷ്ണൻ, കക്കയംകോട്ടിൽ, കരിമ്പ	പൗൾട്രി ഫാം
4	1/511	ജോർജ്ജ് ചെറിയാൻ, എടക്കുറുശ്ശി, കരിമ്പ	പൗൾട്രി ഫാം
5	14/411	വി.സുരേഷ്, വെള്ളേക്കാട് വീട്, പനയംപാടം	പൗൾട്രി ഫാം

6	14/425	ഹർഷ,പനയംപാടം	പൗൾട്രി ഫാം

മേൽ പട്ടികയിലെ ഫാമുകളും മറ്റ് ഫാമുകളുണ്ടെങ്കിൽ ആയവയും ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നുണ്ടെന്ന് അധികാരികൾ ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-6 വാടക കുടിശ്ശികയുടെ കണക്കിലെ അപാകത പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ നിലനിൽക്കുന്ന കുടിശ്ശികയുടെ കണക്കിൽ കൃത്യതയില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) ഷോപ്പിങ് കോംപ്ലക്സിലെ മുറികളുടെ വാടക-രജിസ്റ്റർ പ്രകാരമുള്ള തൻവർഷ കുടിശ്ശിക തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 32,153/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു.എന്നാൽ വാർഷിക കണക്കിൽ തൻവർഷ കുടിശ്ശികയായി ഉൾപ്പെടുത്തിയിരിക്കുന്നത് 18,329/- രൂപ മാത്രമാണ്.

ബി) വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ കുടിശ്ശികയായി 18,329/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി 21,960/- രൂപയും നില നിൽക്കുന്നു. ടി തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. യഥാർത്ഥത്തിൽ നിലനിൽക്കുന്ന കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-7 മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ബി.എസ്.എൻ.എല്ലിന്റെ ഒരു ഓഫീസ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണ്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ബി.എസ്.എൻ.എൽ ന്റെ രണ്ട് മൊബൈൽ ടവറുകൾ പഞ്ചായത്ത് അതിർത്തിയിൽ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് അധികാരികൾ വാക്കാൽ അറിയിച്ചിട്ടുണ്ട് . വസ്തു നികുതി രേഖകൾ പ്രകാരം ബി. എസ്. എൻ എൽ ന്റെ ടവറുകൾക്ക് നാളിതുവരെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്നും ബോധ്യപ്പെട്ടു. ടവറുകൾക്ക് നിർമ്മാണാനുമതി നൽകിയതിന്റെ രേഖകളും ലഭ്യമല്ല. രണ്ട് ടവറുകളും നിർമ്മിക്കുന്നതിനായി 2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 130 പ്രകാരമുള്ള ഫീസ് ഒടുക്കി അപേക്ഷിച്ച് പെർമിറ്റ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ചട്ടം 130 പ്രകാരം മൊബൈർ ടവറുകൾക്ക് പെർമിറ്റ് എടുക്കുന്നതിനായി ഒടുക്കേണ്ട ഫീസ് താഴെ ചേർക്കുന്നു.

ടവറിന് – 10000 രൂപ

ഇതരകളുടെ ഒരു യൂണിറ്റിന് – 2500 രൂപ

അനുബന്ധ മുറികൾക്ക് – കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതത്തിന് അനുസൃതമാണ്.

ഓഡിറ്റ് നിർദ്ദേശം

1. രണ്ട് മൊബൈൽ ടവറുകളും അനധികൃതമായാണോ പ്രവർത്തിക്കുന്നതെന്ന് അന്വേഷിച്ച് കണ്ടെത്തേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുമ്പോൾ പഞ്ചായത്ത് ഡയറക്ടറുടെ 25-10-2017 ലെ സർക്കുലർ നം.സി3-18009/17 ലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.
2. അനധികൃതമായി നിർമ്മിച്ചതാണെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള നിർമ്മാണമാണെന്ന് ഉറപ്പാക്കിയതിനുശേഷം നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.
3. ചട്ടം 136, 137, 138 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങളും രേഖകളും ഉറപ്പാക്കി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
4. ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
5. പെർമിറ്റിന്റെ ചുമതലയുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും നികുതിയുടെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ഇടപെടൽ നടത്തേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം 8/15-2-2109 ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. 20-2-2019 ന് നടന്ന എക്സിറ്റ് മീറ്റിഗിൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുള്ള മുഖമുദ്രയായ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (ഐ.എസ്.ഒ.9001:2008) ലഭ്യമാക്കുന്നതി നായി കരിമ്പ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയതിന്മേലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് തനത് ഫണ്ടിൽ നിന്നും 250000/- രൂപ വകയിരുത്തി ഒരു പ്രൊജക്ടിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും (നം. 28/18) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ ക്രിമാത്മകമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെട്ടു.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച

മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചാത്തുകളിലെ പൗരൻമാർക്ക് തൃപ്തികരവും കാലവിളംബമില്ലാതെയും സേവനം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കേണ്ടതാണ്. ഭരണ സംവിധാനത്തിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തിയോടുള്ള സേവനം സാധ്യമാക്കാം എന്നതാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഭരണസംവിധാനത്തിന്റെ ഗുണമേന്മയുള്ള മുഖമുദ്രയായ ഐ.എസ്.ഒ. 9001:2008 കരസ്ഥമാക്കുകയും ജനസംതൃപ്തി ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്. ആയതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതാണ്.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിന്റെയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.

4. പ്രകൃതിസംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആക്കി മാറ്റി ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

5. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മാ സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുക.

6. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്നരീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

7. ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

8. ഗുണമേന്മാ സംവിധാനം ഉറപ്പാക്കുന്നതിനായി ഓഫീസ് സജ്ജീകരണം, ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പൊതുജന സൗകര്യങ്ങളുടെ സജ്ജീകരണം, ബോർഡുകൾ, റെക്കോർഡ് മാനേജ്മെന്റ്, ഇ-ഗവേർണൻസ്, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

ഓഡിറ്റ് നിർദ്ദേശം

- ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്കായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- പൊതുജനങ്ങൾക്കാവശ്യമായ സജ്ജീകരണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
- ഫയലുകളുടെ ക്രമീകരണം പൂർത്തീകരിക്കേണ്ടതാണ്.
- ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള തുടർനടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- കിലയുടെ സാങ്കേതിക സഹായം ഇക്കാര്യത്തിനായി ഉറപ്പാക്കേണ്ടതാണ്.

  ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 സാമ്പത്തിക സ്ഥിതി വിലയിരുത്താതെ പദ്ധതി രൂപീകരണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തി

2017-18 വർഷത്തെ പദ്ധതി രൂപീകരണ ചെലവുകൾ നിർവ്വഹിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 200000/-രൂപ വകയിരുത്തി ഒരു പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. പ്രൊ.നം. 25/18. ചെലവ് പത്രികയിൽ ചെലവ് ഒന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഈ ഇനത്തിൽ ചെലവഴിച്ച യഥാർത്ഥ ചെലവ് തുക താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	ചെക്ക് നം./ തീയ്യതി	തുക
1	13588/10.05.2017	2000/-
2	14638/16.06.2017	9250/-
3	14117/10.07.2017	6613/-
4	14933/09.01.2018	57750/-
	ആകെ	75613/-

സ.ഉ(എം.എസ്) നം.72/17/തസ്വഭവ തിയതി 29-03-2017 പ്രകാരം പുറപ്പെടുവിച്ച

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 14.3 പ്രകാരം പദ്ധതി രൂപീകരണത്തിനായി വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയും (പരമാവധി 2%) നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി 1.5 ലക്ഷം രൂപയും (പരമാവധി 1%) ചെലവഴിക്കാവുന്നതാണ്. പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയ്ക്കായി വികസന ഫണ്ട് ചെലവഴിക്കാമെന്നിരിക്കെ തനത് വിഭവശേഷി കുറവുള്ള കരിമ്പ ഗ്രാമപഞ്ചായത്തിൽ ഇക്കാര്യത്തിനായി തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചത് സാമ്പത്തികാസൂത്രണത്തിന്റെ പരിമിതിയായി കണക്കാക്കുന്നു.

എല്ലാ ബാധ്യതകളും തിട്ടപ്പെടുത്തി തനത് ഫണ്ടിൽ നിന്നും കിഴിവു ചെയ്തതിനുശേഷം ബാക്കി തുകയുണ്ടെങ്കിൽ മാത്രമേ തനത് ഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുവാൻ സാധിക്കുകയുള്ളൂ. ജല അതോറിറ്റിക്ക് നിലവിൽ 2.14 കോടി രൂപ നിലവിൽ കുടിശ്ശികയായി ഒടുക്കുവാനുണ്ട്. കുടിശ്ശികയുടെ കണക്ക് വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ കണിക്കാത്തതിനാൽ തനത് ഫണ്ട് മിച്ചമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിക്കാതെയാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുള്ളത്. തുടർവർഷങ്ങളിൽ തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥതി വിലയിരുത്തി മാത്രം പ്രൊജക്ടുകൾ ആവിഷ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ഈ വിഷയത്തിൽ വിശദമായി തുടർനടപടി റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

3-3 വാഹനത്തിന്റെ ഉപയോഗം-പ്രധാന രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗത്തിന്റെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ജി.ഒ(എം,എസ്)നം.170/07തസ്വഭവ 30.7.2007 പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തുടർച്ചയായി ശ്രദ്ധയിൽപ്പെട്ടതിനാൽ ധനവകുപ്പ് 12.8.2008 ന് 41/2008-ാം നമ്പറായി വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ലോഗ് ബുക്കിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കുവാനും ഇന്ധനം നിറയ്ക്കുന്ന സമയത്തെ കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തുവാനും ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

നിശ്ചിത ഇടവേളകളിൽ ക്ഷമതയുള്ള അധികാരികളെക്കൊണ്ട് വാഹനത്തിന്റെ മൈലേജ് പരിശോധിപ്പിച്ച് മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ

സൂക്ഷിക്കേണ്ടതാണ്. മൈലേജ് സർട്ടിഫിക്കറ്റ് അപ്രകാരം സൂക്ഷിച്ചിട്ടില്ല.
സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-03-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.
വാഹനത്തിന്റെ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നുണ്ടെന്ന് നിയന്ത്രണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

3-4 തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

കരിമ്പ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകൾക്ക് ശരാശരി 66642/- രൂപയാണ് പ്രതിമാസ വൈദ്യുതി ചാർജ് ആയി ഒടുക്കി വരുന്നത്. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്തതും നിലവിലില്ലാത്തതുമായി വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടിവരുന്നുണ്ട്. തെരുവു വിളക്കുകളുടെ എണ്ണത്തിലെ കൃത്യത, തരം എന്നിവ ഉറപ്പാക്കുവാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ലാമ്പുകളുടെ എണ്ണം ഉറപ്പാക്കേണ്ടതാണ്.
2. ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-5 വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തതുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിലെ വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. നിർവ്വഹ ഉദ്യോഗസ്ഥൻ – സെക്രട്ടറി

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
കെ.എസ്.ഇ.ബി	29/18-എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റൽ	33/26-3-18	107250
കെ.എസ്.ഇ.ബി	2/18-എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റൽ	32/26-3-18	33740

മേൽ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-6 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ്

എ. ഫണ്ട് വകയിരുത്തലും ചെലവും

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് സ്പിൽഓവർ ഉൾപ്പെടെ ആകെ 110 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 83 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 2.39 കോടി രൂപയിൽ 1.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 66 % തുക തൻവർഷം ചെലഴിച്ചിട്ടുണ്ട്.

സ്പിൽ ഓവർ പ്രവൃത്തികളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. 2016-17 വർഷത്തിൽ എഗ്രിമെന്റ് ഒപ്പു വെച്ച ടാറിംഗ് പ്രവൃത്തികളുടെ കരാറുകാർക്ക് ടാർ ലഭ്യമാകുന്നതിൽ ഉണ്ടായ കാലതാമസമാണ് സ്പിൽ ഓവർ പ്രൊജക്ടുകളുടെ ആധിക്യത്തിന് കാരണം. 83 പ്രവൃത്തികൾ പൂർത്തീകരിച്ചതിൽ 75ശതമാനത്തിൽ അധികവും റോഡ് പ്രവൃത്തികളാണ്. വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതിവിവര കണക്കുകളേയും റോഡ് കണക്ടിവിറ്റി മാപ്പിനേയും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിച്ചാൽ പ്രൊജക്ടുകളുടെ ആധിക്യം ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മകമായ ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങൾ വിലയിരുത്തിയതിന്റെയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
വകയിരുത്തുന്ന തുകയിൽ പരമാവധി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കേണ്ടതാണ്. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി, പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.

2. പ്രവൃത്തികളുടെ കൃത്യമായ പൂർത്തീകരണ തിയതി എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിലെ കോളം നം. 10 പൂരിപ്പിച്ചിട്ടില്ല.

3. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.

4. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

5. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കരാറുകാരിൽ നിന്നും പൂർത്തീകരണ കാലയളവിനുള്ളിൽ അപേക്ഷ സ്വീകരിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതുമാണ്.

6. വ്യക്തമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രം പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അല്ലാത്തപക്ഷം പിഴ ഈടാക്കിമാത്രം കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതാണ്. ആകെ കാലാവധിയുടെ 50% വരെ മാത്രമേ

കാലാവധി ദീർഘിപ്പിക്കാവൂ എന്ന നിബന്ധനയും പാലിക്കേണ്ടതാണ്. മതിയായ കാരണങ്ങളില്ലാത്ത പല പ്രവൃത്തികളും പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേമലുള്ള ഓഡിറ്റ് അന്വേണണം 19/19-2-2019 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3-7 ആസ്തി സംരക്ഷണ പദ്ധതിക്കനുസൃതമായി മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിക്കേണ്ടതാണ്

റോഡ് സംരക്ഷണത്തിനായി 6202187 രൂപയും റോഡിതര ആസ്തികൾക്കായി 3859187 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മെയ്ന്റനൻസ് ഗ്രാന്റിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ 99% റോഡ്-റോഡിതര ആസ്തികളുടെ മെയ്ന്റനൻസിനായി ചെലവഴിച്ചിട്ടുണ്ട്.

റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടക സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവുന്നതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തൻവർഷം നടന്നിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

നോൺ റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ അങ്കണവാടി നവീകരണം, സ്കൂൾ നവീകരണം, പി.എച്ച്.സി നവീകരണം മുതലായ പല പ്രവൃത്തികളും തൻവർഷം നിർവ്വഹണം നടത്തിയിട്ടില്ല.

ബി. ഓഡിറ്റ് നിർദ്ദേശങ്ങൾ

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതിനുസരിച്ച് മാത്രം മെയ്ന്റനൻസ് പ്രവൃത്തികൾക്ക് തുക നൽകേണ്ടതുമാണ്.

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഈ വിഷയത്തിൽ ആവശ്യമായ ചർച്ചകൾ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19/19-2-2019 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3-8 ടാർ വാങ്ങുന്നതിനായി അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്

2016-17 വർഷത്തിൽ എഗ്രിമെന്റ് വെച്ച 20 പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിനായി അസി. എഞ്ചിനിയർ ട്രഷറിയിൽ നിന്നും 1431000 രൂപ പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുകയിൽ നിന്നും താഴെ പറയുന്ന പ്രകാരം 1369277 രൂപ HPCL എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്.

1. ചെ.നം. 1844357/12-4-17 – 938551 (VG-30 – 170 ബാരൽ ടാർ)

2. ചെ.നം. 1844358/12-4-17 – 430726 (SS1 -26 & RS1-16 barrel)

ആകെ - 1369277 രൂപ പിൻവലിച്ച് HPCL ന് നൽകിയിട്ടുണ്ട്.

അസി. എഞ്ചിനിയർ കൈമാറിയ തുകയിൽ 61723 രൂപ സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

2. ബി.പി.സി.എൽ കമ്പനിയുടെ കൈവശം അവശേഷിക്കുന്ന 11324 രൂപ തിരികെ ഈടാക്കേണ്ടതാണ്

ബി.പി.സി.എൽ ന് കൈമാറിയ 1369277 രൂപ മുൻകൂറായാണ് കൈമാറിയത്. ആയതിൽ VG-30 170 ബാരൽ ടാറിന്റെ വിലയായി നല്കിയ 938551 രൂപ ഉൾപ്പെട്ടിട്ടുണ്ട്. യഥാർത്ഥ ഇൻവോയ്സുകൾ പ്രകാരം VG-30 170 ബാരൽ ടാറിന്റെ യഥാർത്ഥ വില 897550 രൂപയാണ്. കരാർ കമ്പനിക്ക് അധികമായി നൽകിയ 41000 രൂപ 17-7-2018 ന് തിരികെ ഈടാക്കി തനത് ഫണ്ടിൽ വരവു വെച്ചിട്ടുണ്ട്.

SS1 -26 ബാരൽ, RS1 16 barrel ടാറിന്റെ വിലയായി നൽകിയത് 430726 രൂപയാണ്. ഇൻവോയ്സുകൾ പ്രകാരമുള്ള യഥാർത്ഥ വില 419402 രൂപയാണ്. ടാർ കമ്പനിയുടെ കൈവശം അവശേഷിക്കുന്ന 11324 രൂപ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.

ഈ വിഷയത്തിൽ താഴെ പറയുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്ന 61723 രൂപ സർക്കാരിലേക്ക് തിരച്ചടയ്ക്കേണ്ടതാണ്.

2. ബി.പി.സി.എൽ കമ്പനി തിരിച്ചടക്കുകയും തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ (എസ്.സി.ബി - 2027) തിരിച്ചടച്ച 41000 രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3. ബി.പി.സി.എൽ കമ്പനിയുടെ കൈവശം അവശേഷിക്കുന്ന 11324 രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ടാർ വാങ്ങി നൽകിയതിനുശേഷം അവശേഷിക്കുന്ന തുകകൾ ഈടാക്കുവാനും തിരികെ ഒടുക്കുവാനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 19/19-2-2018 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3-9 പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്ന സംഗതിയിൽ കാലാവധിക്കു മുമ്പായി കരാറുകാരൻ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അത്തരം അപേക്ഷയിന്മേൽ കൃത്യമായ അന്വേഷണം നടത്തി ഉചിതമായ ശുപാർശ നൽകേണ്ടതാണ്. പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

2016-17 വർഷത്തിൽ ടാർ വാങ്ങി നൽകുന്നതിനായി തീരുമാനമെടുത്ത ഏതാനും

പ്രവൃത്തികൾക്ക് ടാർ ലഭ്യമായത് 5/2017 ലാണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുവാനുള്ള കരാറുകാരുടെ അപേക്ഷ അതാത് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാർ യഥാരത്ഥ പൂർത്തീകരണ തിയിതിക്കു മുമ്പായി അപേക്ഷ നൽകാതെയാണ് പൂർത്തീകരണ തിയതി ദീർഘിപ്പിച്ചിട്ടുള്ളത്.

1. 98/17-വാക്കോട് കനാൽ റോഡ് ടാറിംഗ്

കെ.എൽ.ജി.എസ്.ഡി.പി-400000

കരാറുകാരൻ - ശ്രീ.സുഗുണനുണ്ണി

എഗ്രിമെന്റ് നം. - 30/20-1-2017

ചെലവ് - 376819 (21/30-12-2017)

2. 62/18-KPIP കനാൽ ഇരട്ടക്കൽ റോഡ് റീടാറിംഗ്

എം.ജി-350000

കരാറുകാരൻ -ശ്രീ.മുരളികുമാർ

എഗ്രിമെന്റ്-23/11-1-17

ചെലവ് - 327814/- (ബിൽ നം. 36/28-2-2018)

3. 4/17-വാക്കോട് പാങ്ങ് മൂന്നേക്കർ റോഡ് ടാറിംഗ്

എം.ജി-325000

കരാറുകാരൻ -ശ്രീ.രമേഷ്.ടി.ആർ

എഗ്രിമെന്റ്-12/6-1-17

ചെലവ് - 304667/- (ബിൽ നം. 68/14-3-2018)

പ്രവൃത്തികളുടെ സാങ്കേതികാനുമതിപത്രം പ്രകാരം അഞ്ച് മാസം വരെയാണ് പൂർത്തീകരണ കാലാവധി അനുവദിച്ചിട്ടുള്ളത്.

യഥാസമയം അപേക്ഷ ലഭ്യമാക്കാതെ പ്രവൃത്തിയുടെ നിർവ്വഹണം നടത്തുവാൻ കരാറുകാരെ അനുവദിച്ചത് പി.ഡബ്ള്യു.ഡി മാന്വലിലെ നിബന്ധനകൾക്ക് വിരുദ്ധമാണ്.

ടാർ വാങ്ങി നൽകുന്നതിലുണ്ടായ കാലതാമസം കാരണമാണ് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 18/19-2-2019 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരുടെ അപേക്ഷ പൂർത്തീകരണ കാലാവധിക്കുമുമ്പ് വാങ്ങുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അപാകതകൾ ഒഴിവാക്കുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

3-10 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടറുകൾ നടത്തുന്നതിനായി എസ്.ബി.ഐയിൽ ഒരു കറണ്ട് അക്കൗണ്ട് നിലവിലുണ്ട്.

അക്കൗണ്ട് നം. 37369695080

കറണ്ട് അക്കൗണ്ടിൽ നിലവിൽ 137624 രൂപ അവശേഷിക്കുന്നുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതായതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 19/19-2-2019 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-11 വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

പ്രൊ.നം. 273/18

തനത് ഫണ്ട് - 50000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

ചെലവ് -49900

ചെക്ക് നം. 2469909/14-3-2018

അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള മാർഗ്ഗരേഖ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സ്പെസിഫിക്കേഷൻ

ലാപ് ടോപ്പിന് താഴെ പറയുന്ന സ്പെസിഫിക്കേഷനാണ് ക്വട്ടേഷൻ നോട്ടീസിൽ കാണിച്ചിട്ടുള്ളത്.

ലാപ് ടോപ്പ് കമ്പ്യൂട്ടർ ബ്രാൻഡഡ് - എച്ച്.പി (i3, 4GB, 500 GB, 14", Windows 10 ഉപകരണങ്ങളുടെ ബ്രാന്റ് നെയിം സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയത് മാർഗ്ഗ രേഖകൾക്ക് വിരുദ്ധമാണ്.

2. പ്രൊക്യൂർമെന്റ് കമ്മിറ്റി

28-3-2018 ന് നടന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ 14 പ്രൊജക്ടുകൾ പ്രകാരം നടത്തിയ വാങ്ങലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ വാങ്ങലിലും ഉൾപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്ന് പ്രത്യേകം തീരുമാനം എടുത്തിട്ടില്ല.

3. സ്റ്റോക്ക്

സിസ് കെയർ, പെരിങ്ങോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

1. ലാപ് ടോപ് - 32601

2. ക്യാരി ബാഗ് - 1100.94

3. പ്രിന്റർ എച്ച്.പി M1005 – 16200.22

ആകെ 49900 രൂപ അനുവദിച്ചിട്ടുണ്ട്.

ലാപ് ടോപ്പും അനുബന്ധ ഉപകരണവും സ്റ്റോക്കിലെടുത്തതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനിൽ ബ്രാന്റ് നെയിം ഉപയോഗിക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതാണെന്ന നിബന്ധന പാലിക്കേണ്ടതാണ്.

2. ഓരോ വാങ്ങലിനും അതാത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പ്രത്യേകം യോഗം ചേർന്ന് ടെണ്ടറുകൾ വിലയിരുത്തേണ്ടതും വാങ്ങലിനായി ഭരണസമിതിയോട് ശുപാർശ ചെയ്യേണ്ടതുമാണ്. ടെണ്ടറുകൾ പ്രത്യേകം വിലയിരുത്താതെ എല്ലാ വാങ്ങലുകൾക്കും കൂടി ഒരു തവണ യോഗം ചേർന്ന് പൊതുവായി ടെണ്ടറുകൾ അംഗീകരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

3. ലഭ്യമാകുന്ന ഉപകരണങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 20/19-2-2019 നുള്ള മറുപടിയിൽ തുടർന്നുള്ള വാങ്ങലുകളിൽ അപാകതകൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3-12 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ - ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചുവെങ്കിലും പൂർത്തീകരണം ഉറപ്പാക്കിയില്ല

പ്രൊ.നം. 72/18

അടങ്കൽ - 50000 (സി.എഫ്.സി)

നിക്ഷേപിച്ച തുക – 50000

ബിൽ നം. 80/24-03-2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

67150213827 നം. അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 50000 രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷനിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.
ജല അതോറിറ്റിയിൽ നിന്നും പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണം നം. 18/19-2-2019 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-13 കൃഷി ഭവനിൽ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതും തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കേണ്ടതുമാണ്

ഭൂവിനിയോഗം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ കൃഷി ഭവനിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാന

വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടാതെ കൃഷി, മണ്ണ്, ജലസംരക്ഷണ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ്, കാലമകമാക്കിയ അടിസ്ഥാന വിവരങ്ങളുടെ അവസ്ഥാ വിശകലനം നടത്തിയിട്ടുമില്ല.

സാമ്പത്തിക വർഷം വികസന ഫണ്ട് ചെലവിന്റെ 63% തെങ്ങ്, വാഴ, തെങ്ങിൻതടങ്ങളിലെ പയർ കൃഷി എന്നിവയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള തരിശ്ശു ഭൂമിയിൽ കൃഷിയോഗ്യമായ സ്ഥലം കണ്ടെത്തി കൃഷി ഇറക്കുന്നതിനുള്ള നടപടികളൊന്നും 2017-18 വർഷം പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല. കൃഷി അനുബന്ധ മേഖലയിലെ വർക്കിംഗി ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തരിശ്ശുനിലം കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി വിവിധ കാർഷിക ഗ്രൂപ്പുകളുണ്ടാക്കി പരിശീലനം നടത്തേണ്ടതാണെന്ന നിർദ്ദേശം മുന്നോട്ടു വെച്ചിട്ടുണ്ട്.

1. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിനോടൊപ്പം കൃഷി ഭവനിൽ അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതും, ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.
2. 13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.80/2017/ത.സ്വ.ഭ.വ /03.04.2017) തരിശ്ശുരഹിത ഗ്രാമം എന്ന ലക്ഷ്യം നേടുന്നതിനായി മാതൃകാ കാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യത്തോട്ടം, നേഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയ സംരംഭങ്ങൾക്ക് കൃഷിഭൂമിയുടെ വിസ്തൃതിക്കനുസൃതമായി സബ്സിഡി അനുവദിക്കാവുന്നതും തൽപരരായ കർഷക ഗ്രൂപ്പുകളും, ഭൂവുടമകളും തമ്മിൽ പഞ്ചായത്തിന്റെ സാന്നിദ്ധ്യത്തിൽ കരാറിലേർപ്പെടാവുന്നതുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കേണ്ടതാണ്.

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-14 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ട് (216/18) നടപ്പാക്കുന്നതിനായി ട്രഷറി ബിൽ നം.5/17-18 തീയ്യതി. 9-2-2018 പ്രകാരം 218750 രൂ. കന്നുകുട്ടി പരിപാലന പദ്ധതിയുടെ ചുമതലയുള്ള അസി. ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി തുടർന്നു വരുന്നതിനായ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും അവശേഷിക്കുന്ന തുക തിരികെ

ഈടാക്കേണ്ടതുമാണ്.

3-15 പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ- ടെണ്ടർ നിബന്ധനകൾ പാലിക്കാത്തതു മൂലം 50500/-രൂപയുടെ അധികച്ചെലവിനിടയായി

പ്രൊജക്ട് നം - 123/18 – പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ
നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തിയ തുക – വികസന ഫണ്ട് (എസ്.സി.പി) - 225000 + 75000 (ഗ്രണഭോക്തൃ വിഹിതം)

ചെലവ്
വികസന ഫണ്ട് (എസ്.സി.പി) - 196950 (ബിൽ നം - 17/26.03.18) + - ഗ്രണഭോക്തൃ വിഹിതം - 65650 (തനത് ഫണ്ട് ചെക്ക് നം-9777/28.03.18)
പി.എ.കെ എന്റർപ്രൈസസ്, കല്ലടിക്കോട് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മേൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.
പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, 2013-ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.
പദ്ധതി പ്രകാരം 101 പട്ടികജാതി വിഭാഗക്കാർക്ക് 75% സബ്സിഡി നിരക്കിൽ 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്.

1. ഓപ്പൺ ടെണ്ടർ രീതി അവലംബിക്കുമ്പോൾ ടെണ്ടർ സമർപ്പണത്തിന് പരസ്യ തീയതി മുതൽ 21 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്. എന്നാൽ 30.01.18 ലെ ടെണ്ടർ പരസ്യത്തിൽ ടെണ്ടർ സമർപ്പണത്തിന് അനുവദിച്ച അവസാന തീയതി 14.02.18 ആണ്. 15 ദിവസം മാത്രമേ അനുവദിച്ചിട്ടുള്ളൂ.

2. ടെണ്ടറിൽ പൂർണ്ണമായ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തിയിട്ടില്ല. 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് ISO സർട്ടിഫൈഡ് എന്ന് മാത്രമാണ് സ്പെസിഫൈ ചെയ്തിട്ടുള്ളത്. ഗ്രണനിലവാരം ഉറപ്പാക്കുന്നതിന് ടാങ്കിന്റെ മുക്കം സ്പെസിഫൈ ചെയ്യേണ്ടതായിരുന്നു.

3. നിരക്ക്, ഗുണനിലവാരം, വിതരണ നിബന്ധനകൾ തുടങ്ങിയവ അടിസ്ഥാനമാക്കി ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കേണ്ടതുമാണ്. ടെണ്ടറുകൾ തുറക്കുന്ന ക്രമത്തിൽ ലഭ്യമായ ടെണ്ടറുകളുടെ ഒരു താരതമ്യ പട്ടിക വാങ്ങൽ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല.

4. നിർവ്വഹണോദ്യോഗസ്ഥൻ ഉൾപ്പെടുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്തിട്ടില്ല.
5. പദ്ധതി മോണിട്ടറിംഗ് റിപ്പോർട്ട് (പട്ടികജാതി വികസനം) ലഭ്യമല്ല.

6. മേൽ പർച്ചേസ് സംബന്ധിച്ച് 20.02.18 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 1 (2) താഴെ ചേർക്കുന്നു.

“ടെണ്ടർ സമർപ്പിച്ചിട്ടുള്ള 6 സ്ഥാപനങ്ങളും വിവിധ തുക്കത്തിലും, വിവിധ നിറത്തിലും, വിവിധ കാറ്റഗറിയിലുമുള്ള ടാങ്കുകൾക്ക് വ്യതസ്ത നിരക്കുകൾ ക്വാട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഓരോ ഇനവും ഭരണസമിതി വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ ടാങ്കുകളുടെയും സ്പെസിഫിക്കേഷൻ ഒന്നൊന്നായി പരിശോധിച്ച് കൈപ്പറ്റുക എന്നത് പ്രായോഗികമല്ല. വിദൂര സ്ഥലങ്ങളിൽ നിന്ന് വാങ്ങിക്കുന്നത് ഗ്യാരന്റി കാലയളവിൽ കേടുപാടുകൾ സംഭവിച്ചാൽ മാറ്റി എടുക്കുന്നതിന് ഗുണഭോക്താക്കൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതാണ്. വില കുറഞ്ഞ ടാങ്കുകൾ ഗുണമേന്മ കുറഞ്ഞ പ്ലാസ്റ്റിക്കിൽ നിർമ്മിച്ചിരിക്കാൻ സാദ്ധ്യതയുണ്ടെന്ന നിഗമനത്തിൽ ആയത് നിരസിച്ച് പി.എ.കെ എന്റർപ്രൈസസ്, കല്ലടിക്കോട് എന്ന സ്ഥാപനത്തിന്റെ 2600/-രൂപ നിരക്കുള്ള ടാങ്കുകൾ വാങ്ങുവാൻ തീരുമാനിച്ചു.”
പരമാവധി പരസ്യം നൽകുന്ന ഓപ്പൺ ടെണ്ടർ രീതിയിൽ വിദൂര സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന ടെണ്ടറുകൾ ഒഴിവാക്കുവാൻ എടുത്ത തീരുമാനം ക്രമപ്രകാരമല്ല. പരമാവധി ലാഭം ഉറപ്പാക്കുന്നതിനായി നടത്തുന്ന ഓപ്പൺ ടെണ്ടറിൽ സ്ഥാപനം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകളിൽ ഉള്ള കുറഞ്ഞ വില രേഖപ്പെടുത്തിയ സ്ഥാപനത്തെയാണ് തെരഞ്ഞെടുക്കേണ്ടത്. വില കുറവുള്ളതിന് ഗുണനിലവാരം കുറയുമെന്ന് വിലയിരുത്തലിനെ സാധൂകരിക്കുന്നതിന് രേഖകളുടെ പിൻബലവുമില്ല. ഐ.എസ്.ഐ മുദ്രയുള്ള ടാങ്കുകൾക്ക് മിനിമം ഗുണനിലവാരം ഉണ്ടാകുമെന്നത് കണക്കിലെടുത്തതായി കാണുന്നില്ല.
പ്രസ്തുത ഭരണസമിതി തീരുമാനത്തിന് മുമ്പായി ടെണ്ടറുകളെ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി യാതൊരു ശുപാർശയും ഭരണസമിതിക്ക് നൽകിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 28.03.18 ലെ യോഗത്തിൽ പി.എ.കെ എന്റർപ്രൈസസിന്റെ ടെണ്ടർ അംഗീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ പർച്ചേസിൽ ആകെ ലഭ്യമായത് 6 ടെണ്ടറുകളാണ്. 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കിന്റെ ഒരേ സ്പെസിഫിക്കേഷൻസ് ഉള്ള 3 ടെണ്ടറുകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ ഒന്നായ പി.എ.കെ എന്റർപ്രൈസസ്, കല്ലടിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് മേൽസൂചിപ്പിച്ച കാരണം രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത്. ഒരേ സ്പെസിഫിക്കഷനുള്ള ടെണ്ടറുകളിലെ തുകകൾ താരതമ്യം ചെയ്യുകയോ വ്യക്തമായ പരിശോധന നടത്തുകയോ ചെയ്യാതെയാണ് സ്ഥാപനത്തിനെ തെരഞ്ഞെടുത്തിട്ടുള്ളത്.
ഒരേ സ്പെസിഫിക്കേഷനിലുള്ള മൂന്ന് സ്ഥാപനങ്ങളുടെ താരതമ്യ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	സ്പെസിഫിക്കേഷൻസ്	നിരക്ക്
1	പി.എ.കെ എന്റർപ്രൈസസ്, കല്ലടിക്കോട്	Seltec water tank, High quality food grade, 12.10 kg	2600
2	റിവർ ടെക്ക് വാട്ടർ സൊല്യൂഷൻസ്, കുവപ്പടി, എറണാകുളം	Black 2 layer, 100% vergin plastic food grade material (L.L.D.P) - 12kg	2400
3	പേൾ സ്പോട്ട് അക്വാ സിസ്റ്റം & സൊല്യൂഷൻ, മലപ്പുറം	Black 2 layer, 100% food grade (L.L.D.P) - 12kg	2100

മേൽ വാട്ടർ ടാങ്കുകളെല്ലാം തന്നെ ISO സർട്ടിഫൈഡും, 10 വർഷം വാറന്റിയുള്ളതുമാണ്. ഇതിൽ പി.എ.കെ എന്റർപ്രൈസസ്, കല്ലടിക്കോടിന്റെ 2600/-രൂപ നിരക്കിലുള്ള വാട്ടർ ടാങ്കാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. 2100/-രൂപ നിരക്കുള്ള പേൾ സ്പോട്ട് അക്വാ സിസ്റ്റം & സൊല്യൂഷൻ, മലപ്പുറത്തിന്റെ ടെണ്ടർ സ്വീകരിക്കാതിരുന്നതു മൂലം പർച്ചേസിൽ താഴെ പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

പർച്ചേസ് ചെയ്ത വാട്ടർ ടാങ്കുകളുടെ എണ്ണം - 101

നൽകിയ തുക – 101 x 2600 = 262600 (75% സബ്സിഡി + 25% ഗുണഭോക്തൃ വിഹിതം)

പേൾ സ്പോട്ട് അക്വാ സിസ്റ്റം & സൊല്യൂഷൻ, മലപ്പുറത്തിന്റെ ടെണ്ടർ സ്വീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക = 101 x 2100 = 212100

അധികച്ചെലവ് = 262600 – 212100 = 50500/-

ലഭ്യമായ ടെണ്ടറുകൾ കൃത്യമായി താരതമ്യം ചെയ്യാതെ അധിക നിരക്ക് നൽകിയതിന് വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/19.02.19) 20.02.18 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 1(2) ൽ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളിൽ അധിഷ്ഠിതമായാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് ടെണ്ടർ നടപടിക്രമങ്ങൾക്കനുസൃതമല്ലാത്തതിനാൽ മേൽ പർച്ചേസിലെ അധികച്ചെലവ് 50500/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

3-16 കുടുംബശ്രീ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്

വിവിധ പദ്ധതികൾക്കായി ലഭ്യമായ പ്ലാൻ ഫണ്ട് തുകകൾ ചെലവഴിക്കപ്പെടാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നതായി കണ്ടെത്തി. വിനിയോഗിക്കാത്ത പദ്ധതി ഫണ്ട് തിരിച്ചടക്കാതെ വർഷങ്ങളോളം സി.ഡി.എസ് അക്കൗണ്ടിൽ നിലനിർത്തിയത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത നീക്കിയിരുപ്പ് അടിയന്തിരമായി സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് - വിജയാ ബാങ്ക്, കരിമ്പ നമ്പർ - 204800300000142

ക്രമ നം.	പ്രൊജക്ട് നം.	പ്രൊജക്ട്	അവശേഷിക്കുന്ന തുക
1	23/10	പശു വളർത്തൽ	100000
2	122/10	റിവോൾവിംഗ് ഫണ്ട്	20000

3	24/12	ടി	30000
4	2016-17	ടി	860000
ആകെ			10,10000/-

3-17 സ്നേഹാലയം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തൽ

നിർവ്വഹണം - അസി.സെക്രട്ടറി

പ്രൊജക്ട് നം. - 41/18

വകയിരുത്തിയ തുക – വികസന ഫണ്ട് - 450000 (ജനറൽ) + 340560 (തനത് ഫണ്ട്)

തൻവർഷത്തെ ചെലവ്
375000 (വികസന ഫണ്ട് - ബിൽ നം -1039399/28.02.18) + 340560 (തനത് ഫണ്ട് - ചെക്ക് നം - 9775/28.03.18)

ആകെ - 790560 രൂപ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ.ഉ(എം.എസ്)നം.148/2009/ത.സ്വ.ഭ.വ 29.07.2009 ലെ നിബന്ധനകൾ പ്രകാരം പഞ്ചായത്തിൽ സ്നേഹാലയം എന്ന പേരിൽ ഒരു ബഡ്സ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ ഒരു അസിസ്റ്റന്റ് ടീച്ചറും, 2 ആയമാരും ജോലി ചെയ്യുന്നുണ്ട്. സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഡ്രൈവറുടെ ശമ്പളം വണ്ടി വാടക ഉൾപ്പെടെ ഒരു ദിവസം 1290/-രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് നൽകി വരുന്നുണ്ട്. അസിസ്റ്റന്റ് ടീച്ചർക്ക് പ്രതിമാസം 12000/-രൂപ, 2 ആയമാർക്ക് പ്രതിമാസം 6000/-രൂപ എന്നിങ്ങനെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് ചെയ്യുന്നുണ്ട്.

പദ്ധതിക്കായി അസി.സെക്രട്ടറി, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് (എസ്.ബി.ടി, കല്ലടിക്കോട്, അക്കൗണ്ട് നം. 67327076937) 2015-16 വർഷത്തിൽ തുടങ്ങിയിട്ടുണ്ട്. 2017-18 വർഷത്തിൽ വകയിരുത്തിയ പ്ലാൻ ഫണ്ട്, തനത് ഫണ്ട് തുകകൾ കുടുംബശ്രീ ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേർക്കുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് (എസ്.ബി.ടി, കല്ലടിക്കോട്, അക്കൗണ്ട് നം. 67053452288) നിക്ഷേപിച്ച് അസി.സെക്രട്ടറി, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

അസി.സെക്രട്ടറി, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ 7.01.19 ന് 588223/-രൂപ നീക്കിയിരുപ്പുണ്ട്. ഇതിൽ 2017-18 നും അതിനു മുമ്പും ലഭ്യമായ പ്ലാൻ ഫണ്ട്, തനത് ഫണ്ട് തുകകൾ ഉൾപ്പെടുന്നുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുക തിട്ടപ്പെടുത്തിയിട്ടില്ല. ആയത് തിട്ടപ്പെടുത്തി അതാത് വർഷം തന്നെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ഭാവിയിൽ ബഡ്സ് സ്കൂളിന്റെ നടത്തിപ്പിൽ അവലംബിക്കേണ്ട അക്കൗണ്ടിംഗ് രീതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

സ.ഉ(പി)നം.62/2018/ഫിൻ തീയതി 16.04.2018 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ പ്ലാൻ ഫണ്ടിന് ഒരു ട്രഷറി സേവിംഗ്സ് അക്കൗണ്ട് മാത്രമേ ഉണ്ടാകുവാൻ പാടുള്ളൂ. PSTSB മറ്റ് STSB ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ പാടുള്ളതല്ല. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ രീതിയാണ് അവലംബിക്കാവുന്നത്. ചെലവഴിക്കാത്ത തുക PSTSB അക്കൗണ്ടിന്റെ അധികാരിയുടെ അപേക്ഷയിന്മേൽ സ.ഉ(പി)നം. 86/2018/ ഫിൻ തീയതി 17.08.2018 പ്രകാരം ബന്ധപ്പെട്ട ട്രഷറി ഓഫീസർ തിരിച്ചടക്കേണ്ടതാണ്. പ്ലാൻ ഫണ്ടിന്റെ താൽക്കാലിക വിനിയോഗത്തിനായുള്ള ഈ അക്കൗണ്ടിൽ സാമ്പത്തിക വർഷത്തിനപ്പുറം തുക നിലനിർത്തുന്നതല്ല.

സ.ഉ (പി)നം.53/2018/ഫിൻ തീയതി 16.08.2018 പ്രകാരം ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിയില്ലാതെ പ്ലാൻ സ്കീം തുക ഓഫീസിന്റെയോ, നിർവ്വഹണോദ്യോഗസ്ഥന്റെയോ പേരിലുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റരുത്. ആയതിനാൽ പ്ലാൻ ഫണ്ട് കുടുംബശ്രീയുടെ അക്കൗണ്ടിലേക്കോ, നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്കോ മാറ്റുവാൻ പാടുള്ളതല്ല.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ലെ വ്യവസ്ഥകൾ പ്രകാരം അസിസ്റ്റന്റ് ടീച്ചർക്ക് പ്രതിമാസം 12000/-രൂപ, 2 ആയമാർക്ക് പ്രതിമാസം 6000/-രൂപ എന്നിങ്ങനെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് ചെയ്യാവുന്നതും, സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് തനത് ഫണ്ടിൽ നിന്ന് തുക നൽകാവുന്നതുമാണ്.
നടപടിക്രമങ്ങൽ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-18 ആശ്രയ പദ്ധതി - ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് 300000/- രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്

ആശ്രയ ഒന്ന്, രണ്ട് ഘട്ടങ്ങൾ അവസാനിക്കുമ്പോൾ അക്കൗണ്ടിൽ (എസ്.ബി.ഐ, കല്ലടിക്കോട് , അക്കൗണ്ട് നം - 67053452288) പ്ലാൻ ഫണ്ടിനത്തിൽ 300000/- രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. രണ്ടാം ഘട്ടം അവസാനിച്ച സാഹചര്യത്തിൽ ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

സാമ്പത്തിക വർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതിക്ക് 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കാതിരുന്നതിനാലാണ് തുക അവശേഷിക്കുവാനിടയായത്. നിലവിൽ 154 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി പ്രകാരം സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതിയായ അഗതി രഹിത കേരളത്തിന്റെ സർവ്വെ പൂർത്തീകരിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് ജനറൽ, എസ്.ടി എന്നീ ആശ്രയ പദ്ധതികൾ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

സ.ഉ(എം.എസ്)നം.362/2013/തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ.6.7(i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ലെ ഖ.6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ലഭ്യമായ പ്ലാൻ

ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും കഴിഞ്ഞിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി കൃത്യമായ സർവ്വെ നടത്തി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) .11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം,പാർപ്പിടം,കുടിവെള്ളം,വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. ആശ്രയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു ആശ്രയാ മോണിട്ടറിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-19 യോഗപരിശീലനം - അധികം നൽകിയ തുക തിരിച്ച് അടവാക്കേണ്ടതാണ്

യോഗ പരിശീലനം - വനിത (107/18) എന്ന പ്രോജക്ടിന് ട്രഷറി ബിൽ നം. 11/17-18, തീ. 28-3-2018 പ്രകാരം 60000രൂ. ചെലവഴിച്ചിട്ടുണ്ട്. 60 വനിതകൾക്ക് 1000രൂ. വീതം ആണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പദ്ധതി ഫണ്ട് (പൊതുവിഭാഗം) ഉപയോഗിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ആണ് പ്രോജക്ട് നിർവ്വഹിച്ചിരിക്കുന്നത്. തുക ചെലവഴിച്ചിട്ടുള്ളത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

സ.ഉ(സാധാ)നം. 3190/17,ത.സ്വ.ഭ.വ, തീയ്യതി 3-10-2017പ്രകാരം യോഗപരിശീലനം നടത്തുന്നതിന് പ്രതിദിനം 400രൂ. പ്രകാരം മാസത്തിൽ പരമാവധി 12000രൂ. ആണ് പരിശീലകർക്ക് നൽകാൻ വ്യവസ്ഥ

ചെയ്തിട്ടുള്ളത്. എന്നാൽ തൻവർഷം ആകെ 25 ദിനങ്ങളിൽ യോഗ പരിശീലനം നൽകിയതിന് ശ്രീ.ടേമി ഫെലിക്സ് തോമസ് എന്ന പരിശീലകന് 39000 രൂ. (അക്കൗണ്ട് നം. 67124963941- SBI, Kalladikode) അനുവദിച്ചിരിക്കുന്നു. ദിവസത്തിന് 400രൂ. പ്രകാരം ആകെ 25 ദിവസത്തിന് ആകെ 10000രൂ. മാത്രമാണ് അനുവദനീയമായിട്ടുള്ളത്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/13-2-2019ന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ സാഹചര്യത്തിൽ അധികം നൽകിയ 29000രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ആയതിനാൽ 29000രൂ. നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

യോഗ പരിശീലനത്തിനായി ബെഡ്ഡുകൾ വാങ്ങിയതിന് 21000രൂ. ചെലവഴിച്ചിട്ടുണ്ട്. R.K.Mattress & Furniture, Palakkad എന്ന സ്ഥാപനത്തിൽനിന്നാണ് ബെഡ്ഡുകൾ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം 5000 രൂപയ്ക്ക് മുകളിൽ 25000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർന്നുള്ള വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-20 ആയുർവ്വേദ ആശുപത്രി മുഖേനയുള്ള മരുന്ന് വിതരണ പദ്ധതികൾ - ഗുണഭോക്താക്കളുടെ അടിസ്ഥാന വിവരശേഖരണം നടത്തേണ്ടതാണ്

സാമ്പത്തിക വർഷം ആരോഗ്യ മേഖലയിൽ ആയുർവ്വേദ ആശുപത്രി മുഖേനയുള്ള മരുന്ന് വിതരണ പദ്ധതികൾ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ആണ് നിർവ്വഹിച്ചിട്ടുള്ളത്. വികസന ഫണ്ട് ആകെ ചെലവിന്റെ ഗണ്യമായ തുക ആയുർവ്വേദ മേഖലയിലാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതികളുടെ വിവരം ചുവടെ

ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം.	പ്രൊജക്ട്	അടങ്കൽ	ചെലവ്
1	223/18	ആയുർവ്വേദ മരുന്ന് വാങ്ങി നൽകൽ (ജനറൽ)	400000	400000
2	225/18	അമ്മയും, കുഞ്ഞും(എസ്.സി.പി)	150000	150000
3	236/18	അമ്മയും, കുഞ്ഞും (ജനറൽ)	150000	150000
4	227/18	ആയുർവ്വേദ ജെറിയാട്രിക് ഒ.പി	150000	150000
5	279/18	ജെറിയാട്രിക് ക്ലിനിക്	300000	300000

മേൽ പദ്ധതികൾ 2018-19 വർഷത്തിലും തുടർച്ചയായി നടപ്പിലാക്കുന്നുണ്ട്. പാലിയേറ്റീവ് പരിചരണം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ തരം തിരിച്ചുള്ള ഡാറ്റ പി.എച്ച്.സി യിൽ സൂക്ഷിച്ചിട്ടുള്ള മാതൃകയിൽ മേൽ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ രോഗ വിവരങ്ങളടങ്ങിയ ഡാറ്റ ആയുർവ്വേദ ആശുപത്രിയിലും തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വയോജനങ്ങളുടെയും ഡാറ്റ തയ്യാറാക്കി ആർദ്രം മിഷൻ പ്രകാരം ഇവരുടെ ആരോഗ്യാവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

ആരോഗ്യ മേഖലയുടെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മേൽ പദ്ധതികളുടെ തുടർ മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. യോഗങ്ങളിലെ തീരുമാനങ്ങൾ രേഖപ്പെടുത്തി മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല. ആയത് പരിഹരിക്കേണ്ടതാണ്. കൂടാതെ ആരോഗ്യ മേഖലയിലെ അടിസ്ഥാന ഡാറ്റയ്ക്കനുസൃതമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ടുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-21 ആയുർവ്വേദ മരുന്ന് വാങ്ങൽ - 121021/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

താഴെ പറയുന്ന ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം 121021/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. മരുന്നുകൾ ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (I.M) കേരളാ ലിമിറ്റഡ്, കുട്ടനെല്ലൂർ, തൃശ്ശൂരിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം.	പ്രൊജക്ട്	അടങ്കൽ	ചെലവ് (ഔഷധിക്ക് നൽകിയത്)	ലഭ്യമാകേണ്ട മരുന്നുകളുടെ മൂല്യം
1	225/18	അമ്മയും,കുഞ്ഞും (എസ്.സി)	150000	150000	27452
2	227/18 279/18	ജെറിയാട്രിക് ക്ലിനിക്	450000	450000	93569
ആകെ					121021/-

ആയുർവേദ ആശുപത്രിയിൽ സ്ഥിരം മെഡിക്കൽ ഓഫീസർ ഇല്ലാത്തതിനാൽ പദ്ധതികൾ നടപ്പാക്കിയത് പി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസറാണ്.
ഔഷധിയിൽ നിന്ന് 121021/-രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പദ്ധതികൾ പ്രകാരം മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ഔഷധിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതി നടത്തിപ്പിൽ കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്.
മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-22 ചെസ് ബോർഡിന് അംഗീകരിച്ച നിരക്കിനേക്കാൾ കൂടിതൽ തുക അനുവദിച്ചു

ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ട് (94/18) പ്രകാരം ട്രഷറി ചെക്ക് നം. 2469911 തീയ്യതി. 21-3-2018പ്രകാരം 94874 രൂ. ചെലവഴിച്ചിട്ടുണ്ട്. 33 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ ഈ പ്രോജക്ടിലൂടെ നൽകിയിട്ടുണ്ട്. ചാമ്പിന സ്പോർട്സ് സെന്റർ, മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളുടെ വിലയാണ് നൽകിയിരിക്കുന്നത്. രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ച്ച് കുറഞ്ഞ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ ചാമ്പിന സ്പോർട്സ് സെന്റർ, മണ്ണാർക്കാട് എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. ബിൽ തുക അനുവദിച്ചപ്പോൾ ചെസ് ബോർഡിന് രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കൂടുതൽ നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാങ്ങിയ ചെസ് ബോർഡുകളുടെ എണ്ണം	33
ഒരു ചെസ് ബോർഡിന് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്	45
ഒരു ചെസ് ബോർഡിന് നൽകിയ നിരക്ക്	75 (66.94+12% നികുതി)
ഒരു ചെസ് ബോർഡിന് അധികം നൽകിയ നിരക്ക്	30
ആകെ അധികം നൽകിയ തുക	990

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/14-2-2019ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം സാമ്പിൾ ഹാജരാക്കിയത് പരിശോധിച്ചപ്പോൾ ചെസ് ബോർഡിന് ഗുണനിലവാരം ഇല്ലാത്തതിനാൽ ആയത് മാറ്റി വില കൂടിയ ചെസ് ബോർഡ് വാങ്ങി എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി മറുപടി സാധൂകരിക്കുന്ന തീരുമാനങ്ങൾ/രേഖപ്പെടുത്തലുകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 990രൂ. നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

3-23 മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത

പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി - ചെലവ് തുക തടസ്സത്തിൽ വെക്കുന്നു

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നല്ലകുട്ടി (095/18) എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ആയതിന് ട്രഷറി ബിൽ നം. 8/17-18 തീയ്യതി. 27-3-2018പ്രകാരം 40880 രൂ. ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സ്പിൽ ഓവറായി നല്ലകുട്ടി (SO 020/18) എന്ന മറ്റൊരു പ്രൊജക്ടും ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. ആയതിന് ട്രഷറി ബിൽ നം. 2/17-18 തീയ്യതി. 31-5-2017പ്രകാരം 46060 രൂ. ചെലവഴിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രണ്ട് ചെലവുകളും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് നടത്തിയിട്ടുള്ളത്. പ്രോജക്ടുകളുടെ ആസുത്രണം നിർവ്വഹണം എന്നിവയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിൽ വിദ്യാഭ്യാസ മേഖലയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളൊന്നും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. അങ്കണവാടി ടീച്ചർമാർക്ക് ട്രെയ്നിംഗ് നൽകൽ, ആശാവർക്കർമാർക്ക് ട്രെയ്നിംഗ് നൽകൽ, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പ്രധാനമായും നിർവ്വഹിച്ചിട്ടുള്ളത്. ഇത്തരം ട്രെയ്നിംഗ് നടത്തിയത് ഉൽപാദനപരമായ രീതിയിൽ തുടർപ്രവർത്തനങ്ങളിലേക്ക് മാറിയിട്ടില്ല. സ.ഉ.(എം.എസ്.)നം. 80/2017 ത.സ്വ.ഭ.വ, തീയ്യതി. 3-4-2017പ്രകാരമുള്ള സബ്സിഡി മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് ഉൽപാദനപരമല്ലാത്ത പ്രവർത്തനങ്ങളായ ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, ഉത്സവങ്ങൾ എന്നിവ ഏറ്റെടുക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 3/14-2-2019ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ തനത് പ്രോജക്ട് എന്ന രീതിയിലാണ് ടി പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ ടി പ്രോജക്ട് പഞ്ചായത്തിന്റെ തനത് പ്രോജക്ട് ആണ് എന്ന് കണക്കാക്കി പദ്ധതിമാർഗനിർദേശങ്ങളിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾ നടത്തിയത് ക്രമപ്രകാരമല്ല. മേൽപറഞ്ഞ കാരണങ്ങളാൽ ആകെ ചെലവ് തുക 86940 രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

3-24 വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ - മാർഗ്ഗരേഖകൾ പാലിക്കേണ്ടതാണ്

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രോജക്ട് (SO21/18) പ്രകാരം ബിൽ നം. 7/17-18തീ. 28-9-2017 പ്രകാരം 386731രൂ.(പദ്ധതി ഫണ്ട് -എസ്.സി.പി) ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ ഈ പ്രോജക്ടിലൂടെ വിതരണം നടത്തിയിട്ടുണ്ട്. ആയതിനായി ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് സ്റ്റീൽ മേശ, കസേര എന്നിവ 113 എണ്ണം വീതമാണ് വാങ്ങിയിട്ടുള്ളത്. രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

ടെണ്ടർ നടപടികളിലൂടെ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനമാണ് മേശയുടെ വില ഏറ്റവും കുറഞ്ഞ നിരക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കസേരയുടെ വില ടെണ്ടറിൽ പങ്കെടുത്ത മറുസ്ഥാപനങ്ങൾ കുറവ് രേഖപ്പെടുത്തിയിട്ടും ടി സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ വില രേഖപ്പെടുത്തിയിരിക്കുന്ന ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് ടെണ്ടർ അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>വിശദാംശം</th><th>ഫിഡ്കോ എന്റർപ്രൈസസ്</th><th>എഫ്ഫാർ ട്രേഡിങ്ങ്, പട്ടിക്കര</th><th>ഗോൾഡ് സ്റ്റാർ എന്റർപ്രൈസസ്, കല്ലടിക്കോട്</th></tr>
<tr><td rowspan="3">കസേരയുടെ വിലകൾ രേഖപ്പെടുത്തിയിരിക്കുന്നത്.</td><td>912 (HR 20 Guage-arm chair)</td><td>810 (With arm chair)</td><td>1900 (S type chair)</td></tr>
<tr><td>1112 (HR 18 Guage-arm chair)</td><td rowspan="2">470 (Without arm chair)</td><td rowspan="2">1300 (Normal type)</td></tr>
<tr><td>1212 (HR16 Guage-arm chair)</td></tr>
<tr><td>ഒരു കസേരയിൽ ഉള്ള വിലവ്യത്യാസം</td><td colspan="3">912-810= 102 രൂ.</td></tr>
<tr><td>വാങ്ങിയ കസേരകളുടെ എണ്ണം</td><td colspan="3">113</td></tr>
</table>

അധിക്കച്ചെലവ്	113x102=11526

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/20-2-2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഫിഡ്കോ എന്റർപ്രൈസസ് 20 Guage കനമുള്ള നല്ല കസേര വിതരണം നടത്താം എന്ന് അറിയിച്ചതിനാലാണ് ഇപ്രകാരം കൂടിയ വിലയ്ക്ക് വാങ്ങിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് പര്യാപ്തമായ തീരുമാനങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷനിൽ വ്യക്തതയുണ്ടായിരുന്നില്ല എന്ന് വിലയിരുത്തുന്നു.

സ.ഉ.(എം.എസ്)നം. 80/2017 ത.സ്വ.ഭ.വ, തീയ്യതി. 3-4-2017 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ആണ് ആനുകൂല്യങ്ങൾ നൽകേണ്ടത് എന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടി ലിസ്റ്റിന് ഗ്രാമസഭയിൽ സാധൂകരണം വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനും പുറമെ ടി ഗുണഭോക്താക്കൾക്ക് പട്ടികജാതി/പട്ടികവർഗ വകുപ്പിൽ നിന്ന് ഈ ആനുകൂല്യം നൽകപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുകയും വേണം. എന്നാൽ ടി പ്രോജക്ടിൽ ഈ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ വാങ്ങി ആയത് സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് നേരിട്ട് വിതരണം നടത്തിയതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിനെ ഒഴിവാക്കുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ വ്യക്തമായ തീരുമാനം എടുക്കേണ്ടതും ഭരണ സമിതി അംഗീകരിക്കേണ്ടതുമാണ്. സബ്സ്ഡി മാർഗ്ഗരേഖയിലെ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്.

15-2-2019 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ വാങ്ങിയ സാധനങ്ങൾ ഗുണനിലവാരമുള്ളതാണെന്നും അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും വിലയിരുത്തപ്പെട്ടത് അംഗീകരിക്കുന്നു. തുടർന്നുള്ള പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖകൾ പാലിക്കേണ്ടതും മേൽസൂചിപ്പിച്ച തരത്തിലുള്ള അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. വാങ്ങുവാൻ ലക്ഷ്യമിടുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനുകൾ കൃത്യമായിരിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

മാർഗരേഖയിൽ നിഷ്കർഷിക്കുംവിധം പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-25 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി വെള്ളക്കരം പുന:ക്രമീകരിക്കേണ്ടതും കുടിശ്ശിക തീർപ്പാക്കേണ്ടതുമാണ്

1. പൊതു ടാപ്പുകളുടെ എണ്ണം, പ്രതിമാസ വെള്ളക്കരം

ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം കരിമ്പ ഗ്രാമപഞ്ചായത്തിൽ 391 പൊതു ടാപ്പുകൾ നിലവിലുണ്ട്. വെള്ളക്കരം ഇനത്തിൽ 171063/- രൂപ പ്രതിമാസം എന്ന നിരക്കിൽ പ്രതിവർഷം 2052750/- രൂപ ജല അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതുണ്ട്. പ്രതിമാസം ഒടുക്കേണ്ട വെള്ളക്കരം വർഷങ്ങളായി ഗ്രാമപഞ്ചായത്ത് ഒടുക്കുന്നില്ല. 2017-18 വർഷത്തിൽ ഈ ഇനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ലെന്ന് തനത് ഫണ്ട് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രൊജക്ട് നം. 26/18 പ്രകാരം മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തി വെള്ളക്കരമായി ജല അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-05-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അത്തരത്തിൽ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പാക്കിയിട്ടില്ല.

2. വെള്ളക്കരം കുടിശ്ശിക

പ്രതിമാസ വെള്ളക്കരം ഒടുക്കാത്തതിനാൽ ഓരോ വർഷവും ബാദ്ധ്യത കൂടി വരുകയാണ്. കേരള ജല അതോറിറ്റി ഷൊർണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ 15.12.2018 ലെ ബിൽ നമ്പർ 23 പ്രകാരം 12/2018 വരെയുള്ള വെള്ളക്കരം കുടിശ്ശിക 21469481/- രൂപയാണ്. കൃത്യമായ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കിയാണോ ഇത്തരത്തിൽ കുടിശ്ശിക കണക്കാക്കിയതെന്ന് ആരും ഉറപ്പാക്കിയിട്ടില്ല. പ്രൊജക്ട് നം. 26/18 പ്രകാരം മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും 10 ലക്ഷം രൂപ വെള്ളക്കരമായി ജല അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ആകെ ഡിമാന്റിൽ നിന്നും തുക കുറവു ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കിയിട്ടില്ല.

3. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗരഹിതമായ ടാപ്പുകൾ ഒഴിവാക്കേണ്ടതും വെള്ളക്കരം പുന:ക്രമീകരിക്കേണ്ടതുമാണ്.

2. പുന:ക്രമീകരിച്ച തുക അതാത് മാസം തന്നെ ഒടുക്കി തുടർ ബാദ്ധ്യത ഇല്ലാതാക്കേണ്ടതാണ്.

3. മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും ഒറ്റത്തവണയായി ഒടുക്കിയിട്ടുള്ള തുകകൾ ആകെ ഡിമാന്റിൽ നിന്നും കുറവു ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കുവാൻ അദാലത്ത് സംഘടിപ്പിച്ച് തുകയിൽ കുറവ് വരുത്തിയതിനുശേഷം ആയത് ഘട്ടം ഘട്ടമായി ഒടുക്കി ബാദ്ധ്യത ഇല്ലാതാക്കേണ്ടതാണ്.

5. പുന:ക്രമീകരിക്കുന്ന കുടിശ്ശിക തുക പഞ്ചായത്തിന്റെ ബാധ്യതായി വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

6. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-26 ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിലെ വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
ജല അതോറിറ്റി	251/18-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ എക്സ്ടൻഷൻ	31/26-3-18 30/26-3-18	350000 1508259 ---------- 1858259

ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2017-18	1500000	ഗ്യാസ് ക്രിമറ്റോറിയം	0	1500000
		225000	സ്കോളർഷിപ്പ്	0	225000
ജില്ലാ പഞ്ചായത്ത്	2016-17	130000	ക്ഷീര സബ്സിഡി	0	130000
ജില്ലാ പഞ്ചായത്ത്	2016-17	175000	സ്കോളർഷിപ്പ്	175000	0

ബ്ലോക്ക് പഞ്ചായത്ത്	2016-17	75000	ഉഴവുകൂലി	75000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെല വഴിച്ച തുക	ബാക്കി
കെ.എസ്.ഇ.ബി	29/18-എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റൽ	33/ 26-3-18	107250	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
കെ.എസ്.ഇ.ബി	2/18-എസ്.സി കോളനികളിൽ പോസ്റ്റ് മാറ്റൽ	32/ 26-3-18	33740	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
ജല അതോറിറ്റി	251/18-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ എക്സ്ടൻഷൻ	31/ 26-3-18 30/ 26-3-18	350000 1508259 ---------- 1858259	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
ജല അതോറിറ്റി	72/18-അങ്കണവാടി കുടിവെള്ളം	80/ 24-3-18	50000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം തിരിച്ചടച്ച തുകയുടേയും ബാക്കിയുള്ള തുകയുടേയും വിവരം താഴെ ചേർക്കുന്നു.

വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം., തിയതി	വായ്പ തുക	തിരിച്ചടയ്ക്കാനുള്ള മുൻ ബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി (31.3.18)
				മുതൽ	പലിശ	
EMS ഭവന പദ്ധതി	-	17440500	3924377	2117484	-	1806893

4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1999-00	2005-06	52(1)	സഹകരണ സംഘങ്ങൾക്ക് നിയമ വിരുദ്ധമായി ധനസഹായം നൽകിയത് സംബന്ധിച്ച്	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	64041508
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	71054592
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	80490
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	86940

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ

നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	പേരും ഉദ്യോഗപ്പേരും
3-15		50500	ശ്രീ.ഉദുമൻ.വി, അസി. സെക്രട്ടറി
3-19		29000	ശ്രീമതി. പി. വിജയലക്ഷ്മി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-22		990	ശ്രീമതി. എൽസമ്മ, ഹെഡ്മിസ്ട്രസ്
	ആകെ	80490	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-23	86940	ശ്രീമതി. എൽസമ്മ, ഹെഡ്മിസ്ട്രസ്

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഉദുമൻ.വി, അസി. സെക്രട്ടറി	(സേവനത്തിൽ നിന്നും വിരമിച്ചു)	പുത്തൻകളം ഹൗസ്, ചെങ്ങനിയൂർക്കാവ്, മാത്തൂർ അഗ്രഹാരം(പി.ഒ),

		പാലക്കാട്-678571
ശ്രീമതി. പി. വിജയലക്ഷ്മി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കരിമ്പ ഗ്രാമപഞ്ചായത്ത്	വിഷ്ണു നിവാസ്, തച്ചമ്പാറ(പി.ഓ), പാലക്കാട് -678593
ശ്രീമതി. എൽസമ്മ, ഹെഡ് മിസ്ട്രസ്	ഹെഡ് മിസ്ട്രസ്, ജി.യു.പി.സ്കൂൾ, കരിമ്പ	തെക്കേക്കര ഹൗസ്, പനയംപാടം , കരിമ്പ(പി.ഓ), പാലക്കാട് (ജില്ല)-678597

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	LFP9/1099/07/ 18.2.08	9
1997-98	LFP9/1100/07/ 18.2.08	20
1998-99	LFP9/1101/07/ 18.1.08	22
1999-2000	LFP9/2218/14/ 12.12.14	11
2000-01	LFP9/1103/07/ 18.1.08	10
2001-02	LFP7/1103/07/ 18.1.08	4
2002-03	LFP9/1279/10/ 4.10.10	3
2003-04	LFP9/1279/10(1)/ 4.10.10	6
2004-05	LFP9/184/11/ 18.3.11	7
2005-06	LFP9/1377/10/ 12.11.10	6
2006-07	LFP9/606/08/2.1.10	-
2007-08	LFP9/285/14/ 14.7.14	1
2008-09	LFP9/149/14/ 27.3.15	4
2009-10, 2010-11	LFP9/1813/13/ 6.2.14	29

2011-12	LFP9/1530/14/ 1.12.14	10
2012-13	LFP9/495/2015/1.8.2015	18
2013-14 & 2014-15	KSA-PKD 9/1434/16 DT.09-08-16	23
2015-16	നം.കെ.എസ്.എ.പി.കെ.ഡി.9-2139/16 / 21-01-2017	17
2016-17	നം.കെ.എസ്.എ-പികെഡി 9-1228/2017 / 13.11.2017	16

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കരിമ്പ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ

സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ :

1) ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയിലെ ദൈനംദിന പണമിടപാടുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രികയിലെ നികുതി വരവുകളുമായി പഞ്ചായത്തിലെ DCBരജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന നികുതി വരുവുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല :

a) ഡി & ഒ ലൈസൻസ്. b) ഷോപ്പിംഗ് കോംപ്ലക്സ് വാടക c)തൊഴിൽ നികുതി വ്യാപാര സ്ഥാപനങ്ങളുടെ അഡ്വാൻസ് കളക്ഷൻ. d) വസ്തു നികുതി.

3) വാർഷിക ധനകാര്യ പത്രികയിലെ വി.പി.എഫ് എ-1 ലെ ബാങ്ക് നീക്കിയിരിപ്പും, ബാങ്ക് പാസ്ബുക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) വാർഷിക ധനകാര്യ പത്രികയിലെ "Temporary Advance for official purpose" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകയും രജിസ്റ്റർ പ്രകാരം NREGS ന് മുൻകൂറായി നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-2

വിവിധ പത്രികകളുടെ സംക്ഷിപ്തം

1. RECEIPT AND PAYMENT STATEMENT

Code	***Head Account***	***Schedule***	***Amount(Rs.)***
Opening Balance			
	Bank	RP-40(a)	7,013,084.00

	Cash	RP-40(a)	0.00
Receipts			
Operating			
110000000	Tax Revenue	RP-1	865,245.00
140000000	Fees & User Charges	RP-4	986,684.00
150000000	Sale & Hire Charges	RP-5	103,322.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	50,974,934.00
171000000	Interest Earned	RP-9	114,317.00
320000000	Grants, Funds & Contributions for Specific Purposes	RP-31	6,152,837.00
350000000	Other Liabilities	RP-36	166,030.00
Non Operating			
180000000	Other Income	RP-10	2,600.00
311000000	Earmarked Funds	RP-29	200,000.00
340000000	Deposits Received	RP-34	172,396.00
350000000	Other Liabilities	RP-36	196,866.00
431000000	Sundry Debtors (Receivables)	RP-43	3,566,973.00
460000000	Loans, Advances and Deposits	RP-47	539,304.00
Grand Total	**71,054,592.00**		
Payments			
Operating			
210000000	Establishment Expenses	RP-11	3,103,418.00
220000000	Administrative Expenses	RP-12	1,537,278.00
230000000	Operations & Maintenance	RP-13	1,406,853.00
250000000	Decentralised Plan Programme - Productive Sector	RP-15	3,746,881.00
251000000	Decentralised Plan Programme - Service Sector	RP-16	15,976,628.00
252000000	Decentralised Plan Programme - Infrastructure Sector	RP-17	887,652.00
253000000	Decentralised Plan Programme - Projects not included in Sector Division	RP-18	1,409,785.00
254000000	Expenditures of Transferred Institutions and State Sponsored Schemes (not i	RP-19	53,640.00
255000000	Maintenance Projects	RP-20	11,538,365.00
260000000	Grants, Contributions and Compensations from Own Fund	RP-22	6,000.00
280000000	Prior Period Item	RP-26	-5,617.00
320000000	Grants, Funds & Contributions for Specific Purposes	RP-31	10,000.00
350000000	Other Liabilities	RP-36	4,125,883.00

Non Operating			
240000000	Interest & Finance Charges	RP-14	301,097.00
311000000	Earmarked Funds	RP-29	16,000.00
330000000	Secured Loans	RP-32	2,117,484.00
340000000	Deposits Received	RP-34	1,509,722.00
341000000	Deposit Works	RP-35	0.00
350000000	Other Liabilities	RP-36	1,553,710.00
410000000	Fixed Assets	RP-38	2,394,406.00
412000000	Capital Work In Progress	RP-40	8,748,721.00
431000000	Sundry Debtors (Receivables)	RP-43	3,793,764.00
460000000	Loans, Advances and Deposits	RP-47	615,214.00
Closing Balance			
	Bank	RP-40(b)	6,207,708.00
	Cash	RP-40(b)	0.00
Grand Total			**71,054,592.00**

2. INCOME AND EXPENDITURE STATEMENT

13/02/2019

Karimba Grama Panchayat

Income & Expenditure Statement

For the period from 01-April-2017 to 31-March-2018

Code	Head Of Account	Schedule	Amount(Rs.)
	Income		
110000000	Tax Revenue	I-1	3,526,864.00
130000000	Rental Income from Panchayat Properties	I-3	136,000.00
140000000	Fees & User Charges	I-4(b)	1,079,314.00
150000000	Sale & Hire Charges	I-5(b)	103,322.00
160000000	Revenue Grants, Funds, Contributions & Compensations	I-6	114,780,337.00
171000000	Interest Earned	I-8	114,317.00
180000000	Other Income	I-9	2,600.00
A	**Total-Income**		**119,742,754.00**
	Expenditure		
210000000	Establishment Expenses	I-10(b)	8,639,025.00
220000000	Administrative Expenses	I-11(b)	1,517,278.00
230000000	Operations & Maintenance	I-12(b)	1,406,853.00
240000000	Interest & Finance Charges	I-13	301,097.00
250000000	Decentralised Plan Programme - Productive Sector	I-14	7,437,835.00
251000000	Decentralised Plan Programme - Service Sector	I-14(a)	29,739,390.00
252000000	Decentralised Plan Programme - Infrastructure Sector	I-14(b)	887,652.00
253000000	Decentralised Plan Programme - Projects not included in Sector Division	I-14(c)	1,409,785.00
254000000	Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme)	I-14(d)	42,377,380.00
255000000	Maintenance Projects	I-14(e)	11,538,365.00
260000000	Grants, Contributions and Compensations from Own Fund	I-15	6,000.00
B	**Total-Expenditure**		**105,260,660.00**
C = A-B	*Gross Surplus/Deficit of Income over Expenditure*		**14,482,094.00**
D= 280000000	Prior Period Item	I-18	17,299.00
E = C-D	*Gross Surplus/Deficit of Income over Expenditure after prior period items*		**14,464,795.00**
290000000	Transfer to Reserve Funds		
	Net Balance being surplus/deficit carried over to Balance sheet (Panchayat Fund)		

Accounts Officer Secratary

Software Support: ***Information Kerala Mission***

Page 1 of 1

3. BALANCE SHEET

KarimbaGrama Panchayat
Balance Sheet as on 31-March-2018

Code No.	Description of Items	Schedule No	Amount
310000000	**LIABILITIES** **Reserve& Surplus** Muncipal (General) Fund [Code No 310]	B-1	14657720.00
311000000	Earmarked Funds	B-2	184389.00
312000000	Reserves	B-3	23622461.00
	Total Reserve& Surplus		**38464570.00**
320000000	**Grants,Contributions for specific purposes** Grants, Funds & Contributions for Specific Purposes	B-4	3613075.00
	Total Grants,Contributions for specific purposes		**3613075.00**
330000000	**Loans** Secured Loans	B-5	1806893.00
	Total Loans		**1806893.00**
340000000	**Current Liabilities and Provisions** Deposits Received	B-7	544973.00
341000000	Deposit Works	B-8	0.00
350000000	Other Liabilities	B-9	969167.00
	Total Current Liabilities and Provisions		**1514140.00**
410000000	**TOTAL LIABILITIES** **ASSETS** **Fixed Assets** Fixed Assets	B-11	**45398678.00** 40949447.00
411000000	Accumulated Depreciation	B-11	(10637307.00)
412000000	Capital Work In Progress	B-11(a)	0.00
	Total Fixed Assets		**30312140.00**
431000000	**Current Assets,Loans and Advances** Sundry Debtors (Receivables)	B-15	4778239.00
440000000	Pre-paid Expenses	B-16	3924377.00
450000000	Cash and Bank balance	B-17	6207708.00
460000000	Loans, Advances and Deposits	B-18	176214.00
	Total Current Assets,Loans and Advances		**15086538.00**
	TOTAL ASSETS		**45398678.00**